**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 20. 09. 2023

**"ഓപ്പറേഷൻ പ്രൊട്ടക്റ്റർ":- പട്ടികജാതി പദ്ധതികളുടെ കാര്യക്ഷമത ഉറപ്പ് വരുത്താൻ വിജിലൻസ് നടത്തിയ സംസ്ഥാനതല മിന്നൽ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തി.**

സംസ്ഥാന സർക്കാർ പട്ടികജാതി വിഭാഗക്കാർക്കായി നടപ്പിലാക്കുന്ന പദ്ധതികളായ വിദ്യാഭ്യാസ ധന സഹായം, വിവിധ ധന സഹായം, തൊഴിലിനും പരിശീലനത്തിനുമുള്ള വിവിധ പദ്ധതികൾ, ഭവന നിർമ്മാണ പദ്ധതികൾ, പഠന മുറികളുടെ നിർമ്മാണം തുടങ്ങിയവ അർഹരായ പട്ടികജാതിക്കാർക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിലേക്കാണ് **"ഓപ്പറേഷൻ പ്രൊട്ടക്റ്റർ"** എന്ന പേരിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്ന 50 ബ്ലോക്ക് പഞ്ചായത്തുകളിലെയും, 10 മുൻസിപ്പാലിറ്റികളിലെയും, 5 കോർപ്പറേഷനുകളിലെയും, പട്ടികജാതി വികസന ഓഫീസർമാരുടെയും, അനുബന്ധ സെക്ഷനുകളിലും ഇന്നലെ (19/09/2023) രാവിലെ മുതൽ ഒരേ സമയം വിജിലൻസ് സംസ്ഥാന വ്യാപക മിന്നൽ പരിശോധന നടത്തി വരുന്നത്.

പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള വിവിധ സർക്കാർ പദ്ധതികൾ അനുവദിച്ചുനൽകുന്നതിലേക്ക് തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികയിൽ അയോഗ്യരായവർ ഇടം പിടിക്കുന്നുണ്ടോയെന്നും, പട്ടികജാതി വികസന ഓഫീസർ മുഖേന ടെണ്ടർ ചെയ്യുന്ന വിവിധ പദ്ധതികളിൽ ഗുണനിലവാരം കുറഞ്ഞ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നുണ്ടോയെന്നും, പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള വിവിധ സാമ്പത്തിക സഹായങ്ങൾ അർഹരായവർക്ക് അവരുടെ ബാങ്ക്

അക്കൗണ്ടുകളിൽ നേരിട്ട് എത്തുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളാണ് പരിശോധിക്കുന്നത്.

പട്ടികജാതി വിഭാഗക്കാർക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിലേക്ക് ഗ്രാമസഭകൾ ചേർന്ന് തയ്യാറാക്കേണ്ട ഉപഭോക്തൃപട്ടികയിൽ കൊല്ലം കോർപ്പറേഷൻ, തിരുവല്ല മുനിസിപ്പാലിറ്റി, പത്തനംതിട്ട മുനിസിപ്പാലിറ്റി, പുനലൂർ മുൻസിപ്പാലിറ്റി, ചേർത്തല മുൻസിപ്പാലിറ്റി, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് വൈക്കം ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ ക്രമക്കേടുകൾ നടക്കുന്നതായി മിന്നൽ പരിശോധനയിൽ കണ്ടെത്തി.

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിലും, കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിലും പഠനമുറി നിർമ്മാണത്തിനായുള്ള സാമ്പത്തിക സഹായം മുൻഗണന മറികടന്ന് നൽകിയതായും, പത്തനംതിട്ട, തിരുവല്ല എന്നീ മുൻസിപ്പാലിറ്റികളിൽ പട്ടികജാതിക്കാർക്കുള്ള വിവിധ ആനുകൂല്യങ്ങൾ ഗുണഭോക്തൃ പട്ടികയിൽ ഇല്ലാത്തവർക്കും വിതരണം നടത്തിയതായി കണ്ടെത്തി. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിൽ 52 അപേക്ഷകർ ഉണ്ടായിട്ടും ലിസ്റ്റിൽ ഉൾപ്പെടാത്ത 8 ഗുണഭോക്താക്കൾക്ക് ഫണ്ട് അനുവദിച്ചതായും കണ്ടെത്തി.

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാനായി വാങ്ങിയ 34 ലാപ് ടോപ്പുകളിൽ 4 എണ്ണം കാണാനില്ല. കൊല്ലം കോർപ്പറേഷനിൽ 2018-2019 കാലഘട്ടത്തിൽ പ്രായമുള്ളവർക്ക് വിതരണം ചെയ്യേണ്ടിയിരുന്ന 344 കിടക്കകളിൽ 310 കിടക്കകൾ വിതരണം ചെയ്തിട്ടുള്ളതായും അവശേഷിക്കുന്ന കിടക്കകളെപ്പറ്റി ഏതൊരു വിവരവും ലഭ്യമല്ലാത്തതായി കാണുന്നു.

വൈക്കം ബ്ലോക്ക് പഞ്ചായത്തിൽ പഠനമുറിക്കായുള്ള മൂന്നാമത്തെ ഗഡു തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അയച്ചതായി റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അപേക്ഷകനോട് തിരക്കിയതിൽ തുക ലഭിച്ചിട്ടില്ലായെന്ന് അറിയിച്ചു.

ഏറ്റമാനൂർ ബ്ലോക്ക് പഞ്ചായത്തിൽ ഒരു ഗുണഭോക്താവിന് 2019-ൽ വാട്ടർ ടാങ്ക് വിതരണം ചെയ്യാതെ വിതരണം ചെയ്തതായി രേഖപ്പെടുത്തി.

കാസർകോഡ് ജില്ലയിലെ കാറടുക്ക ബ്ലോക്ക് പഞ്ചായത്തിൽ കളിഞ്ഞ 5 വർഷങ്ങളായി ഭൂരഹിത പട്ടികജാതിക്കാർക്ക് സ്ഥലം വാങ്ങി നൽകിവരുന്നത് ഒരു ഭൂവുടമയിൽ നിന്നാണെന്നും വിജിലൻസ് കണ്ടെത്തി.

ഇന്നലെ രാവിലെ ആരംഭിച്ച മിന്നൽ പരിശോധന ഇപ്പോഴും പൂർത്തിയായിട്ടില്ല. പട്ടികജാതി വിഭാഗക്കാർക്ക് സർക്കാരിന്റെ വിവിധ പദ്ധതികൾ മുഖേന അനുവദിച്ച സാമ്പത്തിക സഹായം അർഹരായവർക്കാണോ ലഭിച്ചിട്ടുള്ളതെന്നും, അവരത് യഥാവിധി വിനിയോഗിച്ചിട്ടുണ്ടോയെന്നും ഉറപ്പുവരുത്തുന്നതിലേക്ക് സ്ഥലപരിശോധന ഉൾപ്പെടെയുള്ള പരിശോധനകൾ വരും ദിവസങ്ങളിലും തുടരുമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ്. അറിയിച്ചു.

വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ. വിനോദ് കുമാർ. ഐ.പി.എസ്-ന്റെ ഉത്തരവ് പ്രകാരം വിജിലൻസ് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ശ്രീമതി. ഹർഷിത അത്തല്ലൂരി. ഐ.പി.എസ്-ന്റെ മേൽനോട്ടത്തിൽ നടക്കുന്ന മിന്നൽ പരിശോധനയിൽ സംസ്ഥാനത്തെ എല്ലാ വിജിലൻസ് യൂണിറ്റുകളും പങ്കെടുത്തു വരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി.കെ. വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു